ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*): സർ, ഡോക്ടർമാരെ പോസ്റ്റ് ചെയ്തെങ്കിലും അവർ ജോയിൻ ചെയ്യാത്ത സ്ഥിതിയാണുള്ളത്. പി. എസ്. സി.-യിൽ നിന്നും 620 ഡോക്ടർമാരെ പോസ്റ്റ് ചെയ്തു. എന്നാൽ ജോയിൻ ചെയ്തത് 213 പേരാണ്. വീണ്ടും പി. എസ്. സി.-യോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട് ആഴ്ചയ്ക്കകം കേരളത്തിൽ ഒഴിവുള്ള എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരെ പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കും.

(14) സമഗ്ര പെൻഷൻ നിയമം നടപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികം വരുന്ന പെൻഷൻകാരുടെ കഴിഞ്ഞ കുറേ വർഷങ്ങളായിട്ടുള്ള ഒരാവശ്യമാണ് സമഗ്രമായ ഒരു പെൻഷൻ നിയമം കൊണ്ടുവരണമെന്നുള്ളത്. നമ്മുടെ സംസ്ഥാനത്ത് പെൻഷൻ നിയമമില്ല. 1960-ൽ നിലവിൽവന്ന പെൻഷൻ ചട്ടങ്ങളാണ് ഇന്ന് നിലവിലുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ ഒരു ഉത്തരം, പെൻഷൻ ചട്ടങ്ങൾക്കു പകരമായി പെൻഷൻ നിയമം ആവിഷ്ക്കരിക്കണമെന്ന് ഇതുവരെ ആരും ആവശ്യം ഉന്നയിച്ചിട്ടില്ല എന്നതാണ്. 14-3-2005-ൽ ഈ സഭയിൽ നൽകിയ ഉത്തരമാണ്. അത് ശരിയല്ല. സർവീസ് പെൻഷൻ സംഘടനകൾ എല്ലാംതന്നെ നിരവധി പ്രാവശ്യം ആവശ്യപ്പെട്ട ഒരു കാര്യമാണ് അത്. കേന്ദ്ര ഗവണ്മെന്റ് 2002-ൽ കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനം എടുത്തു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ പെൻഷൻകാരെല്ലാം വളരെ ആശങ്കയിലാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം നിലവിൽ വന്നാൽ പെൻഷൻ കമ്മ്യൂട്ടേഷനില്ല, ഫാമിലി പെൻഷനില്ല, ജീവനക്കാരൻ ഇടയ്ക്കുവച്ച് മരണപ്പെട്ടാൽ കുടുംബം അനാഥമാകും. അതുകൊണ്ട് പെൻഷൻകാർ വലിയ ആശങ്കയിലാണ്. എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ സംസ്ഥാനത്തെ പെൻഷൻകാർ വളരെക്കാലമായി ഉന്നയിക്കുന്ന ആവശ്യമെന്നുള്ള നിലയിൽ പെൻഷൻകാരുടെ ഉൽക്കണ്ഠ അകറ്റുവാൻ സമഗ്രമായ പെൻഷൻ നിയമം കൊണ്ടുവരണമെന്നാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): ഇപ്പോൾത്തന്നെ സമഗ്രമായ ഒരു പെൻഷൻ സ്കീമുണ്ട്; വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പരാതിയില്ലാത്ത പെൻഷൻ സ്കീം ഉണ്ട്. പുതിയതായി ഒരു സ്കീം ഉണ്ടാക്കേണ്ട കാര്യമില്ല. ഗവണ്മെന്റ് പുതിയതായി ഡിക്ലയർ ചെയ്ത കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം ഇപ്പോൾ ജോലിയിലുള്ള ആർക്കും ബാധകമല്ല. ഏപ്രിലിനുശേഷം ജോലിയിൽ പ്രവേശിക്കുന്ന ആളുകൾക്ക് മാത്രമേ അത് ബാധകമാകൂ. അതിന് ഗവണ്മെന്റ് നയപരമായ തീരുമാനം പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങളും നിയമങ്ങളും മിക്കവാറും സംസ്ഥാനങ്ങൾ നടപ്പിലാക്കി. കേന്ദ്ര ഗവണ്മെന്റും നടപ്പിലാക്കി. അതെല്ലാംകൂടി പരിശോധിച്ച് സമഗ്രമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കും.

LIBRARY ARCHIVES Kerala Legislative Assembly